**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2340**
**12.06.2018 ൽ മറുപടി നൽകേണ്ടത്**

**സാമൂഹ്യ സുരക്ഷാ പെൻഷൻകാരുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കാൻ സർവ്വേ**

**ചോദ്യം**
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**മറുപടി**
ഡോ. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ എല്ലാ വർഷവും നൂറ് രൂപ വച്ച് വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിൽ 600 രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ആദ്യം 1000 രൂപയായും തുടർന്ന് 1100 രൂപയായും വർദ്ധിപ്പിച്ച് 2018 മാർച്ച് വരെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പെൻഷൻ വാങ്ങുന്നവരിൽ 1500 ചതുരശ്ര അടിക്ക് മുകളിൽ വിസ്തൃതിയുള്ള വീട്ടിൽ താമസിക്കുന്നവരെയും 1200 സി.സി.യിൽ കൂടുതൽ യന്ത്രശേഷിയുള്ള വാഹനം ഉള്ളവരെയും ആദായനികുതി നൽകുന്നവരോടൊപ്പം താമസിക്കുന്നവരെയും ഒഴിവാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ എത്രപേരെ ഇപ്രകാരം ഒഴിവാക്കി അറിയിക്കുമോ; | ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. അർഹരായവർ ആർക്കും ആനുകൂല്യം നിഷേധിക്കപ്പെടില്ല എന്നുറപ്പുവരുത്തി മാത്രം ഇവ നടപ്പിലാക്കും. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിനായി സർവ്വേ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ഉണ്ട്. |
| (ഡി) | എങ്കിൽ ആരെയാണ് പ്രസ്തുത സർവ്വേക്ക് നിയോഗിച്ചിട്ടുള്ളതെന്നും എന്താണ് അവരുടെ കണ്ടെത്തലുകളെന്നും വിശദമാക്കാമോ? | സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം അക്കൗണ്ടന്റ് ജനറൽ ചൂണ്ടികാട്ടിട്ടുള്ളതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആണ്. ഇവരെ കണ്ടെത്തുന്നതിലേക്കുള്ള നടപടികളുടെ മുന്നോടിയായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തിരം ഒരു സർവ്വേ നടന്ന് വരുന്നു. പ്രസ്തുത സർവ്വേയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ